എൻ.എസ്സ്.എസ്സ്.എച്ച്.എസ്സ് കോത്തല



# നിറക്കൂട്ട്

# എൻ . എസ്സ് .എസ്സ് .എച്ച് .എസ്സ് .കോത്തല



**കോ**ട്ടയം ജില്ലയിലെ കോട്ടയം വിദ്യാഭ്യാസ ജില്ലയിൽ കോട്ടയം പാമ്പാടി ഉപജില്ലയിലെ കൂരോപ്പട സ്ഥലത്തുള്ള കൂരോപ്പട ഗ്രാമപഞ്ചായത്തില് സ്ഥിതി ചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് എൻ.എസ്.എസ്.ഹൈസ്കൂൾ. കോത്തല. നായർ സർവീസ് സൊസൈറ്റിയുടെ 1700-നമ്പർ കരയോഗത്തിന്റെ മേൽനോട്ടത്തിൽ 1960-ൽ സ്ഥാപിച്ച ഈ വിദ്യാലയം കോട്ടയം ജില്ലയിലെ പ്രമുഖ വിദ്യാലയങ്ങളിലൊന്നാണ്.എൽ.കെ.ജ ി.മുതൽ 10 വരെ മലയാളം,ഇംഗ്ലീഷ് മീഡിയം ക്ലാസ്സുകൾ പ്രവർത്തിക്കുന്നു.

| |
|---|
| റവന്യൂ ജില്ല |
| കോട്ടയം |
| വിദ്യാഭ്യാസ ജില്ല |
| കോട്ടയം |
| ഉപജില്ല |
| പാമ്പാടി |
| പ്രധാന അധ്യാപിക |
| ജയശ്രീ ജി |
| പി. ടി എ പ്രസിഡന്റ് |
| ഹരീഷ് കെ |



ലറ്റിക്സ് എന്നിവക്ക്
കോച്ചിങ്ങ്
ബാന്റ് ട്രൂപ്പ്.
ക്ലാസ് മാഗസിൻ.
വിദ്യാരംഗം കലാ സാഹിത്യ
വേദി.

ക്ലബ്ബ് പ്രവർത്തനങ്ങൾ
ഗണിത പഠനം രസകരം
എന്ന ലക്ഷ്യത്തോടെ
ശ്രീ.അനിൽ സാറിന്റെ
നേതൃത്വത്തിൽ
ഗണിതശാസ്ത്ര രംഗത്ത്
മെച്ചപ്പെട്ട
പ്രവർത്തനങ്ങൾകാഴ്ചവെക്കുന്ന ഒരു ക്ലബ് ഇവിടെ
പ്രവർത്തിക്കുന്നു. എല്ലാ
ആഴ്ചകളിലും യോഗം ചേരുന്ന
ക്ലബ് മീറ്റിംഗിൽ കുട്ടികൾ
തന്നെ പ്രാതിനിധ്യം
വഹിക്കുന്നു. കുട്ടികളുടെ
നേതൃത്വത്തിൽ ഒരു
ഗണിതശാസ്ത്ര ലൈബ്രറിയും
പ്രവർത്തിക്കുന്നു. എല്ലാ
ക്ലാസിലെയും പ്രതിനിധികൾ
അതാത് ആഴ്ചയിലെ
വിവരങ്ങൾ ക്ലാസിൽ
എത്തിക്കുന്നു.

1. സോഷ്യൽ സയൻസ് ക്ലബ്
വിദ്യാർത്ഥികളിലെ സാമൂഹ്യ
ശാസ്ത്രാവബോധം
വളർത്തുവാൻ
സാമൂഹ്യശാസ്ത്രഅദ്ധ്യാപകരുടെആഭിമുഖ്യത്തിൽസജീവമായി
പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന
ക്ലബാണ്
സോഷ്യൽസയൻസ് ക്ലബ്.
സാമൂഹ്യശാസ്ത്രത്തിന്റെ
പരിധിയിൽ വരുന്ന എല്ലാ
ദിനാചരണങ്ങളും വളരെ
ഭംഗിയോടു കൂടി സോഷ്യൽ
സയൻസ് ക്ലബ് നിറവേറ്റി
വരുന്നു. പരിസ്ഥിതി
ദിനത്തോടനുബന്ധിച്ച്
പരിസ്ഥിതി
ബോധവൽക്കരണ ജാഥയും,
നാഗസാക്കി
ദിനത്തോടനുബന്ധിച്ച്
യുദ്ധവിരുദ്ധ റാലിയും
പ്ലക്കാർഡുകളുമായി അവർ
മുദ്രാവാക്യങ്ങൾ
വിളിച്ചുകൊണ്ട് ഒരു
സന്ദേശയാത്ര നടത്തി.

2. സംസ്കൃതക്ലബ്
ഒന്നു മുതൽ ഏഴു വരെ
ക്ലാസ്സുകളിൽ സംസ്കൃതപഠനം
നടക്കുന്നു.ജില്ലാ, ഉപജില്ലാ
മത്സരങ്ങളിൽ ഓവറോൾ
കിരീടം നേടി.

3. സയൻസ് ക്ലബ്
വിദ്യാർത്ഥികളുടെ
ശാസ്ത്രീയഭിരുചി
വളർത്തുവാൻ ശാസ്ത്ര
അദ്ധ്യാപകരുടെ
ആഭിമുഖ്യത്തിൽ വളരെ
സജീവമായി പ്രവർത്തിച്ചു

# ആമുഖം

സാങ്കേതികവിദ്യ ഉയരുമ്പോൾ  അതിനൊപ്പം കുട്ടികളും ഉണർന്നു പ്രവർത്തിക്കുന്നു .ഞങ്ങളുടെ സ്കൂളിലെ കുട്ടികളുടെ രചനകൾ ,പഠന മികവുകൾ കല കായിക പ്രകടനങ്ങൾ ഇവയെല്ലാം കോർത്തിണക്കി കൊണ്ട് ലിറ്റിൽ കൈറ്റ്സ് കുട്ടികൾ തയാറാക്കുന്ന ഡിജിറ്റൽ മാഗസിൻ  നിറക്കൂട്ട് . ഇനിയും വിവരസാങ്കേതിക വിദ്യ ഉയരുമ്പോൾ അതിനൊപ്പം എത്താൻ  കുട്ടികൾക്ക് കഴിയണം .കൂട്ടുകാർ ചെയ്ത പ്രവർത്തനങ്ങൾ കൂട്ടി ചേർത്ത് ഒരുക്കുന്നു നിറക്കൂട്ട്

# ഉള്ളടക്കം

ഒരു സ്കൂൾ തുറക്കൽ

അഭിയുടെ കഥ

ലച്ചുവിന്റെ വീട്

എതിരേൽപ്പ്

അമ്മക്കുരുവിയുടെ വീട്

എന്റെ സ്വന്തം

ഓണ പഴഞ്ചൊല്ലുകൾ

ചിത്രശാല

# ആശംസ

എൻ .എസ്സ് .എസ്സ് .എച്ച്.എസ്സ് . കോത്തല സ്കൂളിലെ ലിറ്റിൽ കൈറ്റ്സ്  അംഗങ്ങൾ തയാറാക്കിയാ നിറക്കൂട്ട്  അറിവിന്റെ പുതിയ മേഖലളിലേക്കുള്ള വഴിത്തിരിവാണ് .അവരുടെ രചനകളും ,കല കായിക മേഖലകളിലെ പ്രകടനങ്ങളും ,പഠന മികവുകളും ഉൾപ്പെടുത്തിക്കൊണ്ട് തയാറാക്കിയ  നിറക്കൂട്ട് എന്ന ഡിജിറ്റൽ മാഗസീൻ  എല്ലാ വിധ ആശംസകളും നേരുന്നു



ജയശ്രി ടീച്ചർ

# ഒരു സ്ക്കൂൾ തുറക്കൽ

എല്ലാ വിദ്യാലയങ്ങൾക്കും രണ്ട് മാസം അവധി യുണ്ടാവും വേനലവധി .ചില കുട്ടികൾക്ക് അതിഷ്ടമാണ്. സ്ക്കൂൾ ജീവിതംആസ്വദിക്കുന്ന കുട്ടികൾക്ക് വിഷമമാണ്. അതിൽഉൾപ്പെടുന്ന കുട്ടിയാണ് ഞാൻ. കൂട്ടുകാരൊത്തുളള സ്ക്കൂൾ ജീവിതം എന്ത രസമാണ്.

ജൂൺ ഒന്നിന് സ്ക്കൂൾ തുറക്കുമ്പോൾ നല്ല രസ മാണ്. പുത്തൻ ബാഗ്,കുട,ചെരുപ്പ് ഇതെല്ലാമായി സ്ക്കൂളിലേയ്ക്ക്. ഒരു പാട് നല്ല നല്ല കാഴ്ച്ചകളും.

ഓണം സന്തോഷത്തിൻറെയും സമ്പൽ സമൃദ്ധിയുടെയും ദിനമാണ്. അത്പോലെയാണ് സ്ക്കൂൾ തുറക് രണ്ടുമാസത്തിന ശേഷം കൂട്ടുകാരെ കാണുമ്പോൾ വിശേഷങ്ങൾ പങ്ക് വയ്ക്കും.പിന്നീട് കളിയും ചിരിയുമായി പഠനം.കാർമേഘങ്ങൾ ഇരുണ്ട് കൂടി തണുപ്പു ള്ള മഴയുടെ വരവ് നല്ല ഓർമ്മകൾ................

# അഭിയുടെ കഥ

അഭി ഒരു സാധാരണക്കുട്ടി ആയിരുന്നു.പഠനത്തിൽ മികവ് കുറവായിരുന്നു.അവൻ അവൻെറ കൂട്ടുകാർക്കിടയിൽ കളിയാക്കാൻ ഒരു പേരായിരുന്നു. അവനെ ആരും വക വയ്ക്കില്ലായിരുന്നു. കാരണം അവന് ഒരു മേഖലയിലൂം കഴിവ് ഉണ്ടായിരുന്നില്ല.പക്ഷെ അവന് പടം വരയ്ക്കാൻ വളരെ ഇഷ്ടമായിരുന്നു. എല്ലാവരും അവനെ ഒറ്റയ്ക്ക് ആക്കിയപ്പോഴും അവന്റെ സ്വപ്നം വലിയൊരു ചിതകാരൻ ആവുകഎന്നതായിരുന്നു .അഭിയുടെ വീട്ടുകാര് പോലും അവൻറെ കഴിവിനെ അംഗീകരിച്ചില്ല.

അവനെ  എപ്പോഴും ചേർത്തുനിർത്തിയത് അവൻ പഠിക്കുന്ന സ്കൂളിലെ പ്യൂണായിരുന്നു.അദ്ദേഹത്തിന് അഭിയെ വളരെ ഇഷ്ടമായിരൂന്നു.അവൻ വരയ്ക്കുന്ന പടങ്ങളും കണ്ട് അവനെ അഭിന്ദിക്കുമായിരുന്നു.അവന് അവൻറെ സങ്കടങ്ങൾ അദ്ദേഹത്തോട് പറയുമ്പോൾ വളരെ ആശ്വാസം കിട്ടുമായിരുന്നു.

അദ്ദേഹം എപ്പോഴും അഭിയോട് പറയുന്ന ഒരു കാര്യം ഉണ്ടായിരുന്നു. നമുക്ക് എന്ത് കഴിയില്ല എന്നോർത്ത് സങ്കടപ്പെടുന്നതിനേക്കാൾ നല്ലത് നമ്മളെ കൊണ്ട് എന്ത് ചെയ്യാൻ കഴിയുമെന്ന് മനസിലാക്കി അതിനെ വിജയകരമാക്കി മാറ്റുന്നതിലാണ്. ഇത് അഭിയുടെ മനസിൽ എക്കാലവും തങ്ങിനിന്നു.

വർഷങ്ങക്കുശേഷം അവൻ തൻറെ കഴിവിനെ വളർത്തി വലുതാക്കി വലിയൊരു ചിതകാരനായി മാറി അന്നും അവൻറെ മനസ്സിൽ ആ വാക്കുകൾ നിറഞ്ഞുനിന്നു. അത് തന്നെ ആയിരുന്നു അവൻറെ വിജയത്തിൻെറ രഹസ്യം

ഒരു ദിവസം അഭിയെ ആദരിക്കുവാനായി അവനെ അവന്റെ നാട്ടിൽ നടന്നപരിപാടിക്ക് ക്ഷണിച്ചു ആദരിച്ചു .അന്ന് വളരെ അധികം അഭിമാനം നിറഞ്ഞ നിമിഷമായിരുന്നു .അന്ന് ആ സദസിൽ അവൻ അവന്റെ കത പറഞ്ഞു . അഭി ഇത് പറഞ്ഞു കഴിഞ്ഞപ്പോൾ ഒരു മനുഷ്യൻ ഈറൻ കണ്ണുകളോടെ എഴുന്നേറ്റു നിന്ന് കയ്യടിച്ചു .അഭി അദ്ദേഹത്തെ ഒറ്റ നോട്ടത്തിൽ തന്നെ മനസ്സിലായി .ചെറുപ്പത്തിലേ അവന്റെ വഴികാട്ടിയരുന്നു അദ്ദേഹം അവന്റെ സ്കൂളിലെ ആ പ്യൂൺ തന്നെ . അവൻ സ്റ്റേജിൽ നിന്ന് ഇറങ്ങി അദ്ദേഹത്തിന്റെ അടുക്കൽ ചെന്ന് കെട്ടിപിടിച്ചു കരഞ്ഞു


അശ്വന്ത് കെ ഷാജിമോൻ

# ലച്ചുവിന്റെ വീട്

ഒരിടത്ത് ഒരു വീട്ടിൽ ഒരു കിളി ഉണ്ടായിരുന്നു .അവളെ ലച്ചു എന്ന ഒമാന പേരിൽ വിളിച്ചു . വീട്ടിലെ എല്ലാവര്ക്കും അവളെ വലിയ ഇഷ്ട്ടമായിരുന്നു .അവൾ എല്ലാവരുടെയും പ്രീയപ്പെട്ടവൾ ആയിരുന്നു .അവൾ കൂടിനുള്ളിലും വീട്ടിലും പാറി നടന്നു .ഒരിക്കൽ അവൾക്ക് ഒരു ആശ തോന്നി കാടൊന്നു കാണണം . ആരോടും പറയാതെ അവൾ വീട്ടിൽ നിന്നും പറന്നകന്നു . ദൂരം കുറെ ആയപ്പോൾ അവൾ തളർന്നു .തിരികെ വീട്ടിലേയ്ക്ക് പ്പോകാൻ അവൾക്ക് വഴി അറിയില്ലായിരുന്നു .മരകൊമ്പിൽ കരയുന്ന ലച്ചു വിനെ മയിലമ്മ കണ്ടു മയിലമ്മ കാര്യം അന്വേഷിച്ചു .പേടിച്ച ലച്ചു വിനെ മയിലമ്മ വീട്ടിൽ ആക്കാമെന്നു സമ്മതിച്ചു. ലച്ചു മയിലമ്മയോടൊപ്പം തിരികെ നാട്ടിലേക്കു പോയി .ഏറെ താമസിയാതെ അവർ വീട്ടിലെത്തി മയിലമ്മയ്ക്ക് നന്ദി പറഞ്ഞു അവൾ കൂട്ടിൽ കയറി ഉറങ്ങി ആരോടും പറയാതെ പോയതിന്ന അവൾ നല്ല പാഠം പഠിച്ചു .

അമൃത രാജേഷ്

# എതിരേൽപ്പ്



വീട്ടിലെ കോവിലിൽ

ഉടയാടയുടുത്തു

താമരപ്പൂപോൽ ചന്തമാർന്ന

കാണ്ണനായി      പ്രകൃതിഒരുങ്ങുന്നു

കൊന്നമരങ്ങൾ കണ്ണനണിയാൻ

പൊന്നിൻപൂക്കൾ വിരിക്കുന്നു

ആ  ചന്തത്തിനു കാഴ്ചവയ്ക്കാൻ

ചെടികൾ ഫലങ്ങൾ ഉതിർക്കുന്നു

വിഷു പുലർച്ചെ ഈ

മായകൾ കണ്ടു

മനുഷ്യമനസ്സ്  കുളിർക്കുന്നു

പ്രകൃതിയാം കുഞ്ഞിനെ താലോലിക്കും

ജീവജാലങ്ങൾ ലാളിച്ചു

വിഷു എതിരേൽക്കുന്നു

**ഭദ്ര കെ .ആർ**

# അമ്മക്കുരുവിയുടെ വീട്

പണ്ട് പണ്ടൊരു കട്ടിൽ ഒരു വലിയ പുഴ ഉണ്ടായിരുന്നു .ആ പുഴയിലായിരുന്നു  ആമ  താമസിച്ചിരുന്നത് .ഈ ആമ പുഴയിലും തീരത്തുമായി കളിച്ചുല്ലസിച്ചു നടന്നു .ഒരിക്കൽ പുഴയുടെ തീരാത്ത ഒരു കുരുവി കൂട് ഉണ്ടാക്കുന്നത് കണ്ടു .ചെറിയ കമ്പുകൊണ്ടും ,നാരു  കൊണ്ടും അമ്മകുരുവി ദിവസങ്ങളെടുത്ത് കൂടുകൂട്ടി അച്ഛൻ കുരുവിയും അമ്മകുരുവിയും കുഞ്ഞി കുരുവികളും എല്ലാവരും കൂടി സന്തോഷത്തോടെ ആ കൂട്ടിൽ കഴിഞ്ഞു .ആമയും കുരുവിയും സുഹൃത്തുക്കളായിരുന്നു .

ഒരിക്കൽ ആമ കുരുവിയോട് ചോദിച്ചു നിങ്ങൾക്ക് വീട് ഉണ്ടാക്കാൻ എന്ത് പാടാണ് കാണാൻ ഒരു ഭംഗിയും ഇല്ല .മേൽക്കൂര ഇല്ലാത്തതുകൊണ്ട് നനയ്ക്കുകയും ചെയ്യും . അമ്മകുരുവി അതിനു മറുപടി പറഞ്ഞു വളരെ സന്തോഷത്തോടെയാണ് ഞങ്ങൾ ആ വീട്ടിൽ കഴിയുന്നത് അപ്പോൾ ആമ യ്ക്ക് തന്റെ തെറ്റ് മനസിലായി വീട് എങ്ങനെ ആയാലും അതിൽ താമസിക്കുന്നവരുടെ സന്തോഷമാണ് പ്രധാനം

അഭിജിത്ത് അനീഷ്

# എന്റെ സ്വന്തം

ഞങ്ങൾ ഓമനിച്ചു വളർത്തുന്ന ബ്രൂണോ എന്ന പട്ടിക്കുട്ടി . അവൻ കുസൃതികാരനാണ് . ഞങ്ങൾ നല്ല ചങ്ങാതിമാരാണ് .അവനൊരു നടൻ പട്ടി ആണ് .ഞങ്ങളുടെ അടുത്തുള്ള ചേട്ടനാണ് കുഞ്ഞായ ബ്രൂണോ യെ  ഞങ്ങളുടെ കൈയിൽ തരുന്നത് .കുഞ്ഞായിരുന്നപ്പോൾ എന്റെ കൂടെ കളിക്കുമായിരുന്നു .ഒളിച്ചും പതുങ്ങിയുമുള്ള അവന്റെ ഇരുപ്പു കാണാൻ നല്ല രസമാണ് .

എപ്പോൾ അവൻ പ്രായമായി എന്നും അവൻ എന്നെ ഒരുപാട് ഇഷ്ടപെടുന്നു .

എന്റെ സ്വന്തവും ......................

ഗാഥ നായർ  എം ജി

# ഓണപഴഞ്ചൊല്ലുകൾ

അത്തം കറുത്താൽ ഓണം വെളുക്കും

ഓണത്തിന് ഉറുമ്പും കരുതും

കാണാം വിറ്റും ഓണം ഉണ്ണണം

തിരുവോണം തിരുതകൃതി

ഓണം കേറാമൂല ഉള്ളതുകൊണ്ട് ഓണംപോലെ

ഉണ്ടെങ്കിൽ ഓണം പോലെ അല്ലെങ്കിൽ ഏകാദശി

ഓണത്തേക്കാൾ വലിയ മകമുണ്ടോ

# ചിത്രശാല


31/10/2023


little
KITEs
WORKS
itel P40

# പ്രവേശനോത്സവം
























2022-23ലെ നല്ലപാഠം പ്രവർത്തനങ്ങൾക്ക് ജില്ലയിൽ ഒന്നാം സ്ഥാനം നേടിയ പാമ്പാടി കോത്തല എൻഎസ്എസ് ഹൈസ്കൂളിനുള്ള പുരസ്കാരം കലക്ടർ വി.വിഗ്നേശ്വരി സമ്മാനിക്കുന്നു. മലയാള മനോരമ ചീഫ് ന്യൂസ് എഡിറ്റർ വിനോദ് നായർ, വിദ്യാഭ്യാസ ഡപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ, ചങ്ങനാശേരി ജനറൽ ആശുപത്രിയിലെ ശിശുരോഗ വിദഗ്ധ ഡോ. എസ്.പ്രീജ, മജിഷ്യൻ രാജാ മൂർത്തി എന്നിവർ സമീപം.







# നല്ല പാഠം



## നാട്ടുമാവ് സംരക്ഷണയജ്ഞം പദ്ധതിക്ക് തുടക്കം

കോത്തല ● കോത്തല എൻഎസ്എസ് ഹൈസ്കൂളിലെ നല്ല പാഠം യൂണിറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച നാട്ടുമാവ് സംരക്ഷണ യജ്ഞം പദ്ധതിക്ക് തുടക്കമായി. ...

**മലയാള മനോരമ**

Page 2

**2023 ഓഗസ്റ്റ് 19 ശനി**






## പാമ്പാടി താലൂക്ക് ആശുപത്രിയിൽ അക്ഷരക്കൂട്



# സ്കൗട്ട്



രാജ്യപുരസ്കാർ ബാഡ്ജ് കരസ്ഥമാക്കിയ കോത്തല എൻഎസ്എസ് ഹൈസ്കൂളിലെ സ്കൗട്ട് വിദ്യാർഥികൾ.

## രാജ്യപുരസ്കാർ ബാഡ്ജ് നേടി കോത്തല എൻഎസ്എസ് എച്ച്എസ് സ്കൗട്ട് വിദ്യാർഥികൾ

കോത്തല ● എൻഎസ്എസ് ഹൈസ്കൂളിലെ ആദ്യ ബാച്ച് സ്കൗട്ട് വിദ്യാർഥികൾ രാജ്യപുരസ്കാർ ബാഡ്ജ് കരസ്ഥമാക്കി. തിരുവല്ല വള്ളംകുളം സ്കൂളിൽ നടന്ന സംസ്ഥാനതല ടെസ്റ്റ് ക്യാംപിൽ 9 വിദ്യാർഥികൾ പങ്കെടുത്താണ് സ്കൂളിനു ചരിത്ര നേട്ടമുണ്ടാക്കിയത്. ഗവർണർ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റിനും ഗ്രേസ് മാർക്കിനും അർഹരായ കുട്ടികളെയും സ്കൗട്ട് മാസ്റ്റർ തുളസി കൃഷ്ണനെയും പ്രധാനാധ്യാപിക ജി.ജയശ്രീയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അനുമോദിച്ചു.







'അക്ഷരങ്ങളെ സ്നേഹിച്ച്' അക്ഷര സ്കൂളിലേക്ക്






Samsung Quad Camera
Indu S






Samsung Quad Camera
Indu S



# നന്ദി......

